മേഖലാ മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാധ്യതാപഠന റിപ്പോർട്ടിന്റെയും സപ്ലൈകോ മാനദണ്ഡമനുസരിച്ചുള്ള വാടകരഹിത കെട്ടിടവും ഒരു ലക്ഷം രൂപയും നഗരസഭ നൽകുവാൻ തയ്യാറാകുന്നതിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(ബി) ചാത്തന്നൂർ മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്തിൽനിന്നും ലഭിച്ചിട്ടില്ല. പഞ്ചായത്ത് പ്രൊപ്പോസലിന്റെയും സൗകര്യപ്രദമായ കെട്ടിടത്തിന്റെ ലഭ്യതയുടെയും സാധ്യതാപഠന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

വിലക്കയറ്റം തടയുന്നതിന് സപ്ലൈകോമുഖേന അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്ന നടപടി

241(3166) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലവർദ്ധനവ് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) സപ്ലൈകോവഴി സബ്സിഡി നൽകി വിതരണം ചെയ്യുന്ന 13 ഇനം സാധനങ്ങളായ ചെറുപയർ, ഉഴുന്ന്, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി സോർട്ടക്സ്, വെളിച്ചെണ്ണ എന്നിവയുടെ 12-6-2014-ലെ വിലയും ഇപ്പോഴത്തെ വിലയും വെളിപ്പെടുത്തുമോ ;

(സി) വിലക്കയറ്റം തടയുന്നതിന് കമ്പോളത്തിൽ ഇടപെടുന്നതിനായി പൊതുവിതരണ രംഗത്തെ ഏതെല്ലാം ഏജൻസികളെയാണ് ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ പത്ത് വർഷക്കാലം വിപണിയിലെ ഇടപെടലിനായി സപ്ലൈക്കോയ്ക്ക് അനുവദിച്ച തുകയുടെ വിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നേരിയ തോതിലുള്ള വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന അവശ്യവസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു:

1. നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചു നിർത്തുന്നതിനുവേണ്ടി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു.

2. പ്രാദേശികമായി ജനങ്ങൾക്ക് താല്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി. ഗ്രാം വീതം വിതരണം ചെയ്തുവരുന്നു.

3. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

5. ഗോതമ്പു പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവവഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

6. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

7. പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കുരുമുളക്, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

8. ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

9. സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

10. ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്. ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഇത്തരത്തിൽ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ഗുണനിലവാരമുള്ള സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാക്കാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കുന്നത് തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കർശന പരിശോധനകളും റെയ്ഡുകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭക്ഷ്യവകുപ്പിനുകീഴിൽ സപ്ലൈകോവഴി വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനം

242(3167) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; എത്രപേർക്ക് നിയമനം നൽകി ; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) സപ്ലൈകോയിൽ നിയമന നിരോധനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിരോധനം ഒഴിവാക്കി റാങ്ക് ലിസ്റ്റിലുള്ള പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

നാളിതുവരെ 1328 ഒഴിവുകളിലേയ്ക്ക് നിയമന ഉത്തരവുനൽകിയിട്ടുണ്ട്. എൻ.ജെ.ഡി. ഒഴിവുകൾ, പ്രൊമോഷൻവഴി ഉണ്ടായ ഒഴിവുകൾ, ജോലി രാജിവച്ചതുമൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ എന്നിവ ഉൾപ്പെടെ 1328 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി മുമ്പാകെയുള്ള WP(C)2221/2014 നമ്പർ കേസ് ഇതുവരെ തീർപ്പാക്കി വിധിന്യായം പുറപ്പെടുവിച്ചിട്ടില്ല.

(സി) ഇല്ല.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly